## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

തന്റെ ആടുകൾ അവിടെ തിന്നു തിന്ന് അവിടെ തന്നെ കിടക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. അവിടെ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട്. യേശുവിന്റെ രക്തമാകുന്ന വേലി അതിനു ചുററിനും കെട്ടിയിട്ടുണ്ട്. സ്വർഗ്ഗീയ ദൂതന്മാരാകുന്ന പടയാളികൾ അതിന് ചുററും കാവലുണ്ട്. അതിനുള്ളിൽ മാലിന്യമില്ല, ഈർപ്പമില്ല. ശരിയായ രീതിയിൽ തന്നെ ഇടയൻ അതിനെ സംരക്ഷിക്കുന്നു. ഇടയന്റെ ശ്രദ്ധ എപ്പോഴും അവിടെയുണ്ട്. എത്ര ശ്രേഷ്ഠമേറിയ അനുഭവം. ലോകമാം പുൽമേടുകളിൽ നിന്ന് തിന്നിട്ട് കർത്താവിന്റെ പുൽമേടുകളിൽ വിശ്രമിക്കാൻ വിചാരിക്കുന്ന ചിലരുണ്ട്. രണ്ട് തോണിയിൽ കാൽ ചവിട്ടുവാൻ വിചാരിക്കുന്നവരാണവർ. ഒരേ സമയം ദൈവത്തെയും മാമ്മോനെയും അഥവാ ദൈവത്തെയും ലോകത്തെയും സേവിപ്പാൻ ശ്രമിക്കുന്നവരാണവർ, അപ്രകാരം നമുക്ക് സാധിക്കുകയില്ല എന്ന വസ്തുത വ്യക്തമായും മനസ്സിലാക്കുക. ദൈവത്തെയും സാത്താനെയും ഒരേ സമയം അനുസരിപ്പാനും പ്രസാദിപ്പാനും നമുക്ക് സാധിക്കുകയില്ല. ദൈവത്തെ അനുസരിക്കണമെങ്കിൽ, സാത്താനോട് അനുസരണക്കേട് കാണിച്ചേ മതിയാകുള്ളു. ദൈവത്തോട് അനുസരണക്കേട് കാണിക്കാതെ, സാത്താനെ അനുസരിപ്പാനും നമുക്ക് സാധിക്കുകയില്ല. ഒരോ സമയം രണ്ടു യജമാനന്മാരെ സേവിപ്പാൻ നമുക്ക് കഴിയുകയില്ല.

യേശുവിന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്ന പുൽമേടുകൾ എത്രയോ ശ്രേഷ്ഠമേറിയവയാണ്. മുൻപ് നാം കണ്ടപ്രകാരം അവിടെ ഭയമില്ല. ലോകത്തിന്റേതായ ഒരു ക്ഷുദ്രജീവിയും ദൈവജനത്തെ അലട്ടുകയില്ല. സംതൃപ്തിയുടെ അനുഭവം അവിടെ എപ്പോഴും നിലനിൽക്കുന്നു. സമ്പൂർണ്ണമായി വിശ്രമിക്കുന്നതിന് തടസ്സമായി അവിടെ യാതൊന്നുമില്ല. സ്നേഹിതാ, ഇതിലധികം നമുക്ക് എന്താണ് വേണ്ടത്? നാം ഇപ്പോൾ ഈ അനുഭവത്തിലായിരിക്കുന്നവോ? ലോകത്തിലെ വലിയ പുല്ലുകളുടെ പിന്നാലെ നാം പോകരുത്. അവിടെ വിശ്രമമില്ല. അത് നമ്മെ സംതൃപ്തനാക്കുകയില്ല. യേശു ഒരുക്കിയിരിക്കുന്നത് ചതപ്പുനിലമല്ല. പാപത്തിൽ നിന്നും മാലിന്യത്തിൽ നിന്നും നമ്മെ നാൾതോറും ശുദ്ധീകരിക്കുകയും അതിൽ നിലനിർത്തുകയും ചെയ്യുന്നതിന് പര്യാപ്തമായ ഒരു ഉറവ അവിടെയുണ്ട്. അത് കാൽവറിയിൽ തുറക്കപ്പെട്ട ഉറവയാണ്. ആ ഉറവ ഈ പുൽമേടുകളിലല്ലാതെ മററൊരിടത്തും ലഭ്യമല്ല. ഈ അനുഭവത്തെപ്പററി സങ്കീർത്തനക്കാരൻ പറയുന്നത്, 'ദൈവമേ, എങ്കിലും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു, നീ എന്റെ വലങ്കൈക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നെത്തേതിൽ എന്നെ മഹത്വത്തിലേക്ക് കൈക്കൊള്ളും' എന്നാണ്. സങ്കീർത്തനങ്ങൾ 73:24.

തുടരും....